(സി) ഉണ്ട്. മെസേഴ്സ് സെറം ഇൻസ്റ്റിട്യൂട്ട് ഓഫ് ഇൻഡ്യാ ലിമിറ്റഡ്, മെസേഴ്സ് വി.എച്ച്. ഭഗത്ത് ആന്റ് കമ്പനി, മെസേഴ്സ് ശാന്താ ബയോടെക്നിക്സ് (പി) ലിമിറ്റഡ് എന്നീ കമ്പനികളിൽ നിന്നുമാണ് വാക്സിൻ വാങ്ങിയിട്ടുള്ളത്.

വാക്സിൻ വാങ്ങിയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ശേഖരിച്ചുവരുന്നു.

(ഡി) ജില്ലാ മെഡിക്കൽ ആഫീസർമാർ സബോർഡിനേറ്റ് സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച ഇൻഡന്റ് പ്രകാരം നേരിട്ടാണ് 2002-2003 കാലയളവിൽ ഹെപ്പറ്റൈറ്റിസ് വാക്സിൻ വാങ്ങിയിരിക്കുന്നത്.

(ഇ) സെൻട്രൽ പർച്ചേസ് കമ്മിറ്റി നിശ്ചയിച്ച കമ്പനികളിൽ നിന്നും കമ്മിറ്റി നിശ്ചയിച്ച തുകയ്ക്കാണ് വാക്സിൻ വാങ്ങിയിട്ടുള്ളത്. ഈ ഇടപാടിൽ സർക്കാരിന് നഷ്ടമുണ്ടായതായി അറിയില്ല. എങ്കിലും ഈ വിഷയത്തിൽ ഇപ്പോൾ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ട്.

(എഫ്) കല്ലിയൂർ പി.എച്ച്.സി.-യിൽ 19-2-2003 ബുധനാഴ്ച രാവിലെ 10.30 മുതൽ 11.30 വരെ യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിനോടൊപ്പം ഹെപ്പറ്റൈറ്റിസ് വാക്സിൻ പൊതുജനങ്ങൾക്ക് സൗജന്യമായി കൊടുക്കുന്നതിനിടയിൽ വാക്സിൻ വയൽ മാറി പകരം ഇൻസുലിൻ (ലെന്റി) കുത്തിവെച്ചു. തുടർന്ന് അന്വേഷണം നടത്തിയ ഡെപ്യൂട്ടി ഡി.എം.ഒ. ഡ്യൂട്ടിയിലുണ്ടായിരുന്ന ജീവനക്കാരുടെ ഉത്തരവാദത്വമില്ലായ്മയാണ് ഈ പ്രശ്നത്തിന് ഇടയാക്കിയത് എന്ന് കണ്ടെത്തുകയും കുറ്റക്കാരായ ജീവനക്കാർക്കെതിരെ ഡിപ്പാർട്ട്മെന്റ് തലത്തിൽ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ജി) 2002-2003-ൽ ഹെപ്പറ്റൈറ്റിസ് വാക്സിൻ വാങ്ങിയതിനെക്കുറിച്ച് ഇപ്പോൾ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ട്.

തൃശ്ശൂർ ജില്ലയിൽ മലമ്പനി പടർന്നുപിടിക്കുന്ന സാഹചര്യം

142 [1720] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ വ്യാപകമായി മലമ്പനി പടർന്നുപിടിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇതു സംബന്ധിച്ച് ഏതെങ്കിലും കേന്ദ്ര ഏജൻസികൾ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) മലമ്പനി വ്യാപിക്കുന്നതിനെതിരെ ആരോഗ്യ വകുപ്പ് സ്വീകരിച്ച മുൻകരുതൽ നടപടികൾ വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) മലമ്പനി വ്യാപിച്ചതിനുശേഷം അതു തടയുവാൻ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(എഫ്) മലമ്പനി ബാധിച്ച ആശുപത്രികളിൽ പ്രവേശിപ്പിച്ച രോഗികൾക്ക് നൽകിവരുന്ന ചികിത്സാ സൗകര്യങ്ങളെക്കുറിച്ച് വിശദമാക്കാമോ;

(ജി) തൃശ്ശൂർ ജില്ലയിലെ എല്ലാ ആശുപത്രികളിലും മലമ്പനിക്ക് ചികിത്സ ലഭിക്കുവാൻ അടിയന്തിര സൗകര്യങ്ങൾ സജ്ജമാക്കുമോ?

ഉത്തരം

(എ) വ്യാപകമായി പടർന്നു പിടിക്കുന്നില്ലെങ്കിലും തൃശ്ശൂർ ജില്ലയിൽ നിന്ന് മലമ്പനി കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഈ വർഷം ജനുവരി ഒന്നു മുതൽ ജൂൺ നാലു വരെ ആകെ 65 മലമ്പനി കേസുകളാണ് തൃശ്ശൂർ ജില്ലയിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇതിൽ 64 ആളുകൾ അന്യസംസ്ഥാനങ്ങളിൽ പോയി രോഗബാധയുണ്ടായി തിരികെ എത്തിയവരാണ്. ഒരു കേസിൽ മാത്രമാണ് തദ്ദേശീയമായി രോഗബാധയുണ്ടായിട്ടുള്ളത്..

(സി) തദ്ദേശീയമായ രോഗബാധ സ്ഥിരീകരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ മറ്റു ഏജൻസികളുടെ പ്രത്യേക പഠനം നടത്തിയിട്ടില്ല.

(ഡി) മലമ്പനി വ്യാപിക്കുന്നതിനെതിരെ സമ്പൂർണ്ണ ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്. രോഗിയോടൊപ്പം താമസിക്കുന്നവരുടെയും ചുറ്റുപാടുള്ളവരുടെയും രക്തം പരിശോധനയ്ക്ക് വിധേയമാക്കുന്നു. രോഗബാധിതരുടെ വീടിനുള്ളിലും പരിസര പ്രദേശത്തു താമസിക്കുന്നവരുടെ വീടുകളിലും കീടനാശിനി തളിച്ചു വരുന്നു. കൂടാതെ കെട്ടിക്കിടക്കുന്ന ജലശേഖരങ്ങളിൽ കൂത്താടി നാശിനി തളിക്കുകയും ഉപയോഗിക്കുന്ന ജലശേഖരങ്ങളിൽ കൂത്താടി ഭോജി, ഗപ്പി, ഗാപ്പൂസിയ വർഗ്ഗത്തിലുള്ള മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുകയും ചെയ്തു വരുന്നു. ആരോഗ്യ പ്രവർത്തകർ വീടുവീടാന്തരം കയറി പനിയുള്ളവരുടെ രക്തശേഖരണം നടത്തി രോഗനിർണ്ണയത്തിലൂടെ സമ്പൂർണ്ണ ചികിത്സ നൽകിവരുന്നു. ആരോഗ്യ വിദ്യാഭ്യാസം മലമ്പനി രോഗബാധയുള്ള സ്ഥലങ്ങളിലും സമീപ പ്രദേശങ്ങളിലും നടത്തിവരുന്നു.

(ഇ) രോഗബാധിതരുടെ വീട്ടിലുള്ളവരെയും പരിസരത്തുള്ളവരെയും രക്തപരിശോധനയ്ക്ക് വിധേയരാക്കി രോഗബാധ കണ്ടെത്തിയവർക്ക് സമ്പൂർണ്ണ ചികിത്സ നൽകി. കൂടാതെ കൊതുകുനശീകരണത്തിനായി രോഗബാധിതരുടെ വീട്ടിലും പരിസരത്തുള്ളവരുടെ വീടുകൾക്കുള്ളിലും കീടനാശിനി തളിക്കുകയും പുറമേ ഫോഗിംഗ് നടത്തുകയും കൂത്താടി നാശിനികൾ കെട്ടിക്കിടക്കുന്ന ജലശേഖരങ്ങളിൽ തളിക്കുകയും ചെയ്യുകയുണ്ടായി. ആരോഗ്യ പ്രവർത്തകർ വീടുവീടാന്തരം ആരോഗ്യവിദ്യാഭ്യാസം നടത്തുകയും ഉണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) മലമ്പനി കണ്ടെത്തിയ രോഗികളിലെ പനി ഗുരുതരാവസ്ഥയിലല്ലെങ്കിൽ ഔട്ട് പേഷ്യന്റായി ചികിത്സിക്കുന്നു. അവർക്ക് സമ്പൂർണ്ണ ചികിത്സക്കായി (റാഡിക്കൽ ട്രീറ്റുമെന്റ്) ക്ലോറോക്യൂൻ, പ്രൈമാക്യൂൻ തുടങ്ങിയ മരുന്നുകൾ നിശ്ചിത അളവിൽ നൽകുന്നു. രോഗി ഗുരുതരാവസ്ഥയിലാണെങ്കിൽ ആശുപത്രിയിൽ കിടത്തി ചികിത്സിക്കുന്നു. പനി കുറയാനുള്ള മരുന്നുകളും മറ്റ് അനുബന്ധ ചികിത്സകളും കൂട്ടത്തിൽ നടത്തുന്നു. ഇത്രയും ചികിത്സകൾ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വഴി ലഭ്യമാണ്. കൂടുതൽ വിദഗ്ധ ചികിത്സ ആവശ്യമായി വരുന്നവരെ മെഡിക്കൽ കോളേജ്/ജില്ലാ ആശുപത്രികൾ എന്നിവിടങ്ങളിലേക്ക് അയയ്ക്കുന്നുണ്ട്.

(ജി) തൃശ്ശൂർ ജില്ലയിലെ എല്ലാ ബ്ലോക്ക് പി.എച്ച്.സി.-കളിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും ജില്ലാ ആശുപത്രിയിലും താലൂക്ക് ആശുപത്രിയിലും മലമ്പനി രോഗനിർണ്ണയത്തിനും ചികിത്സക്കുമുള്ള എല്ലാ സൗകര്യങ്ങളും ഇപ്പോൾ നിലവിലുണ്ട്.

പകർച്ചപ്പനി തടയുന്നതിന് ഇടുക്കി ജില്ലയിലെ ആശുപത്രികളിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനവും ജെ.എച്ച്.ഐ. ഒഴിവുകളും

143 [1721] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പകർച്ചപ്പനി മൂലം ഇടുക്കി ജില്ലയിൽ എത്ര ആളുകൾ മരണമടഞ്ഞിട്ടുണ്ട്.;

(ബി) പകർച്ചപ്പനി പടരുന്നത് തടയുന്നതിന് ജില്ലയിലെ ആശുപത്രികളിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പകർച്ചപ്പനി പടരുന്ന സാഹചര്യത്തിൽ ജില്ലയിലെ ആരോഗ്യ പ്രവർത്തകരുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ഡി) നിലവിലുള്ള ജെ.എച്ച്.ഐ.-മാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും എത്രപേരെ നിയമിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഇ) നിലവിൽ എത്ര ഒഴിവുകളാണ് ജില്ലയിൽ ഉള്ളത്;

(എഫ്) ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ജി) നിലവിലുള്ള ജെ.എച്ച്.ഐ. ഗ്രേഡ് I-ന്റെ ഒഴിവ് ജില്ലാതലത്തിൽ കണക്കാക്കിയിട്ടുണ്ടോ: എങ്കിൽ പ്രസ്തുത തസ്തികയിലേയ്ക്ക് പ്രൊമോഷൻ വഴി നിയമനം നടത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly